ഭരണഭാഷ - മാതൃഭാഷ

സ്പോർട്സ് 1/13145/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 29.10.2022
ഫോൺ:0471-2580534; supdts.dge@kerala.gov.in

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ

സർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - **ഗ്രൂപ്പ് IV** - സംസ്ഥാനതല അക്വാട്ടിക് മത്സരങ്ങൾ നടത്തുന്നത് - സംബന്ധിച്ച്

സൂചന : ഈ ഓഫീസിലെ 21.10.2022 തീയതിയിലെ ഇതേ നമ്പർ കത്ത്

************************************

2022-2023 വർഷത്തെ സംസ്ഥാന സ്കൂൾ അക്വാട്ടിക് മത്സരങ്ങൾ **2022 നവംബർ 07, 08, 09, 10 തീയതികളിൽ തൃശൂർ അക്വാട്ടിക് കോംപ്ലക്സിൽ** വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത മത്സരങ്ങളുടെ എല്ലാ കാറ്റഗറിയുടേയും രജിസ്ട്രേഷൻ **07.11.2022 ന് രാവിലെ 7 മണിക്ക്** അക്വാട്ടിക് കോപ്ലക്സിൽ വച്ച് നടത്തുന്നതാണ്. എല്ലാ മത്സരാർത്ഥികളും കൃത്യസമയത്ത് തന്നെ എത്തിച്ചേരേണ്ടതാണ്.

**ബന്ധപ്പെടേണ്ട ഫോൺ നമ്പർ :**

ശ്രീ. മിഥിൻ എ.എസ്, ജില്ലാ സ്പോർട്സ് കോ - ഓർഡിനേറ്റർ - 9567036341
ശ്രീ. ഗിരീഷ്കുമാർ സി.എസ്, ആർ.ഡി.എസ്.ജി.എ സെക്രട്ടറി - 9447512745

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3. ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)

**രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നം:**

ശ്രീ. മുഹമ്മദ് അലി - 9447641066

**താമസ സൗകര്യത്തിനായി ബന്ധപ്പെടേണ്ട ഫോൺ നം:**

ശ്രീ. ജ്യോതിഷ് സി.ബി - 8281558052
ശ്രീ. അബി തോമസ് - 8301864316

## നിർദ്ദേശങ്ങൾ

1. സ്കൂൾ ടീമുകളോടൊപ്പം നിർബന്ധമായും കോച്ചും, മാനേജരും ഉണ്ടാവേണ്ടതാണ്. പെൺകുട്ടികളുടെ ടീമിനൊപ്പം നിർബന്ധമായും വനിത മാനേജർ ഉണ്ടായിരിക്കണം.
2. ടീം മാനേജർമാർ നിർബന്ധമായി മാനേജേഴ്സ് മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. മീറ്റിംഗ് സമയ വിവരം രജിസ്ട്രേഷൻ സമയത്ത് അറിയിക്കുന്നതാണ്.
3. മത്സരാർത്ഥികൾ, മാനേജർമാർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.
4. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് **2,000/- രൂപ** ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.
5. കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ആവശ്യമായ മാസ്ക്, സാനിട്ടൈസർ എന്നിവ കരുതിയിരിക്കണം

DIRECTORATE OF GENERAL EDUCATION · JAGATHY, THIRUVANANTHAPURAM